## കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
## (ഹാജർ: സുരേന്ദ്രൻ. എൻ)

വിഷയം: ജീവനക്കാര്യം – പഞ്ചായത്ത് വകുപ്പ് – കോഴിക്കോട് ജില്ല – കംപാഷനേറ്റ് എംപ്ലോയ്മെന്റ് സ്കീം – ശ്രീ. മുഹസിൻ.എ.കെ, s/0 എ.കെ. മുഹമ്മദ്, സീനിയർ ക്ലാർക്ക് – കോടഞ്ചേരി ഗ്രാമപഞ്ചായത്ത് (Late) – ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:–

1. സർക്കാരിന്റെ 24.5.1999–ലെ ജി.ഒ (പി) നം.12/99/പി & എ.ആർ.ഡി ഉത്തരവ്
2. സർക്കാരിന്റെ 24.2.2015–ലെ ജി.ഒ (എം.എസ്) നം.35/15/തസ്വഭവ നമ്പർ ഉത്തരവ്.
3. ജി.ഒ. (എം.എസ്) 45/91/പി& എആർഡി തിയ്യതി. 30.12.1991
4. ജി.ഒ.(പി) നം. 79/09/ഹോം തിയ്യതി. 5.6.2009
5. സ.ഉ.(പി) നമ്പർ 149/13/Fin തീയ്യതി 03/04/13.

## ഉത്തരവ് നമ്പർ: എ1– 01/14 തിയ്യതി: 11/03/2015

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തുവരവെ മരണപ്പെട്ട ശ്രീ. എ.കെ. മുഹമ്മദ് എന്നവരുടെ യഥാർത്ഥ ആശ്രിതൻ എന്ന നിലയിൽ മകൻ ശ്രീ. എ.കെ. മുഹസിൻ ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ. മുഹസിൻ. എ.കെ യുടെ ജനനതിയ്യതി. 28/01/1988 ഉം, ടിയാൻ എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചിട്ടുണ്ടെന്നും, മേൽ യോഗ്യതയുടെ അടിസ്ഥാനത്തിലും മറ്റു വിധത്തിലും ടി യാൻ ആശ്രിത നിയമനത്തിന് യോഗ്യനാണെന്നും ടി യാന് കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള / ഉണ്ടാകുന്ന ക്ലാർക്ക് തസ്തികയിൽ നിയമനം നൽകണമെന്നും പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്

മേൽ സാഹചര്യത്തിൽ ശ്രീ. മുഹസിൻ.എ.കെ യ്ക്ക് **കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ** നിലവിലെ ഒഴിവിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു.

ടിയാൻ പ്രായം, യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകൾ, സ.ഉ(പി) നമ്പർ. 20/11/പി ആന്റ് എ.ആർ.ഡി തിയ്യതി. 30.6.2011 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള അസിസ്റ്റന്റ് സർജനിൽ താഴെയല്ലാത്ത മെഡിക്കൽ ഓഫീസർ നൽകിയിട്ടുള്ള നിർദ്ദിഷ്ട ഫോറത്തിലുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ പ്രമാണങ്ങൾ സഹിതം **പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടരാഫീസിൽ** ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഹാജരാവേണ്ടതാണ്. കൂടാതെ പരാമർശം (1) സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിൻ പ്രകാരമുള്ള ടിയാളുടെ അറ്റസ്റ്റ് ചെയ്ത ഫോട്ടോ നിയമനാധികാരി മുമ്പെ ഹാജരാക്കേണ്ടതാണ്.

കെ.എസ്. & എസ്.എസ്.ആർ നിർദ്ദേശം പാലിച്ച് നൽകിയ താൽക്കാലിക നിയമനം ക്രമവൽക്കരിക്കുന്നത് ടിയാന്റെ സ്വഭാവവും കീഴ്നടപ്പും പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലായിരിക്കും. ജോലിയിൽ പ്രവേശിച്ച തിയ്യതി മുതൽ തുടർച്ചയായ 3 വർഷത്തിൽ 2 വർഷം പൂർത്തിയാകുന്നതുവരെയുള്ള കാലയളവ് നിരീക്ഷണ കാലഘട്ടമായി കണക്കാക്കുന്നതാണ്. ഒരു വർഷത്തിനുള്ളിൽ കെ.പി.ഇ.പി.എഫ്, ജി.ഐ.എസ്, എസ്.എൽ.ഐ എന്നിവയിൽ വരിക്കാരനാകുന്നുണ്ടെന്ന് ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതാണ്.

സദുദ്ദേശ പരമായ നിലയിലുള്ളതും, രേഖാപരമായി നിലനിൽക്കുന്നതുമായ ഏതെങ്കിലും, ജനനതീയ്യതി സംബന്ധിച്ച് തിരുത്തുന്നതിനുള്ള അപേക്ഷ, നിയമനം ലഭിച്ച് 5 വർഷത്തിനകം നൽകുന്നതിന് സർക്കാർ പരാമർശം (3) പ്രകാരം നിർദേശിച്ചിട്ടുണ്ട്. പരാമർശം (4) ൽ നിർദേശിച്ചത് പ്രകാരമുള്ള വെരിഫിക്കേഷൻ പ്രഫോർമ പൂരിപ്പിച്ച് ബന്ധപ്പെട്ട ഓഫീസ് മേലധികാരി മുഖേന ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ഓഫീസ് മേലധികാരി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ നിയമനവുമായി ബന്ധപ്പെട്ട് സമർപ്പിച്ച മുഴുവൻ രേഖകളുടേയും അസ്സൽ പരിശോധിച്ച്, സാധുത ഉറപ്പുവരുത്തേണ്ടതാണ്. ജോലിയിൽ പ്രവേശിച്ച് ഒരാഴ്ചക്കകം ബന്ധപ്പെട്ട ജീവനക്കാരുടെ സേവന പുസ്തകം ജീവനക്കാരന്റെ നിയമനം ക്രമവൽക്കരിക്കുന്നതിലേക്കായി തയ്യാറാക്കേണ്ടതും,.

സംസ്ഥാന സർവീസിൽ 01/04/2013 ന് ശേഷം നിയമിതരാവുന്ന മുഴുവൻ ജീവനക്കാർക്കും ദേശീയ പെൻഷൻ പദ്ധതി പരാമർശം (5) പ്രകാരം സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. അത്തരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കിയും ഉയർത്തിയിട്ടുണ്ട്. എന്നാൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അർഹതുള്ള ഏതെങ്കിലും ജീവനക്കാരുണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ച് മൂന്ന് മാസത്തിനകം ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്. ഇപ്പോൾ നിയമനം നൽകിയിരിക്കുന്ന കാര്യാലയം പഞ്ചായത്ത് വകുപ്പിലെ 2015 ലെ പൊതുസ്ഥലമാറ്റത്തിന് വിധേയമായി ക്രമീകരിക്കപ്പെടാവുന്നതാണ്.

ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭ്യമാകുന്നതിനായി സമർപ്പിച്ച വിവരങ്ങളിൽ ഏതെങ്കിലും തെറ്റാണെന്ന് തുടർന്നുള്ള പരിശോധനയിൽ ബോധ്യപ്പെടുന്ന പക്ഷം ഈ നിയമനം റദ്ദ് ചെയ്യപ്പെടുന്നതാണ്.

(ഒപ്പ്)
സുരേന്ദ്രൻ. എൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
കോഴിക്കോട്.

വ്യക്തിക്ക് (മടക്ക രശീതി സഹിതമുള്ള റജി. തപാലിൽ)

പകർപ്പ്:-

1. കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി
2. പഞ്ചായത്ത് ഡയറക്ടർ (ഉപരിപത്രം സഹിതം)
3. ഗവ. സെക്രട്ടറി ത.സ്വ.ഭ.(ഇ.പി.എ) വകുപ്പ് (ഉപരിപത്രം സഹിതം)
3. എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം (ഉപരിപത്രം സഹിതം)

കരുതൽ/അധികം.

/ഉത്തരവിൻപ്രകാരം/

സൂപ്രണ്ട്.